## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ.റ്റി.വി I.A.S )**

വിഷയം: - വനിത ശിശുവികസന വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - **അങ്കണവാടി കെട്ടിട വാടക** ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) ജില്ലാ വനിത ശിശുവികസന ഓഫീസർമാരുടെ ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ.

(2) ഈ കാര്യാലയത്തിലെ 16.08.2021 ലെ ICDS/B5/7950/2021 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ : ICDS/B5-7950/21 തീയതി : 21.10.2021**

വനിത ശിശുവികസന വകുപ്പിന് കീഴിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ വാടക, ഐ.സി.ഡി.എസ് ഓഫീസ് വാടക എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനായി എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ഫണ്ട് റിക്വയർമെന്റ് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

മേൽ പരാമർശിത ഇനങ്ങൾക്ക് വിനിയോഗിക്കുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ മിച്ചമുള്ള തുകയിൽ നിജപ്പെടുത്തി ചുവടെയുള്ള പ്രകാരം ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | അനുവദിച്ച തുക | ജില്ലയിൽ ബാക്കിയുള്ള തുക | അങ്കണവാടി കെട്ടിട വാടകയ്ക്ക് 2021 ഡിസംബർ വരെ ആവശ്യമായ തുക | ബഡ്ജറ്റ് പ്രൊവിഷനിൽ നിജപ്പെടുത്തി അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 9834716 | 940690 | 13113850 | **7547561** |
| 2 | കൊല്ലം | 6557500 | 1345326 | 8868880 | **4664728** |
| 3 | പത്തനംതിട്ട | 2934205 | 1101410 | 2866090 | **1094131** |
| 4 | ആലപ്പുഴ | 6373491 | 4929449 | 11938250 | **4345573** |
| 5 | കോട്ടയം | 3863693 | 2508 | 7362198 | **4563130** |
| 6 | ഇടുക്കി | 538421 | 177642 | 754701 | **357786** |
| 7 | എറണാകുളം | 3780266 | 565214 | 8255953 | **4768385** |
| 8 | തൃശ്ശൂർ | 1945225 | 344721 | 5103856 | **2950742** |
| 9 | പാലക്കാട് | 1987306 | 39474 | 166207 | **78577** |
| 10 | മലപ്പുറം | 4298769 | 218006 | 7066900 | **4246428** |
| 11 | കോഴിക്കോട് | 4721890 | 538843 | 5566450 | **3117200** |
| 12 | വയനാട് | 245575 | 47575 | 501375 | **281364** |
| 13 | കണ്ണൂർ | 1806794 | 724958 | 3937292 | **1991700** |
| 14 | കാസർഗോഡ് | 513152 | 80306 | 930325 | **527024** |
| | **ആകെ** | | **11056122** | **76432327** | **40534329** |

മേൽ തുക ജില്ലാ വനിത ശിശുവികസന ഓഫീസർ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ആനുപാതികമായി വീതിച്ച് നല്കേണ്ടതാണ്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക കൃത്യമായി നിലവിലുള്ള വാടക കരാർ വ്യവസ്ഥകൾക്ക് വിധേയമായി ഈ മാസം തന്നെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ കെട്ടിടം ഉടമസ്ഥ് മാറി നൽകേണ്ടതാണ്. വർക്കരുടെ പക്കൽ നിന്നും ഇതിനോടകം പ്രതിമാസ വാടക കെട്ടിട ഉടമസ്ഥ് കൈമാറിയിട്ടുണ്ടെങ്കിൽ ടി തുക ബന്ധപ്പെട്ട വർക്കറുടെ അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഇതിന്റെ വിശദാംശം ബന്ധപ്പെട്ട സൂപ്പർവൈസർ പരിശോധിച്ച് രേഖകൾ സി.ഡി.പി.ഒയ്ക്ക് നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിന്റെ ഉത്തരവാദിത്വം ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കായിരിക്കും കഴിയുന്നതും ഉടമയുടെ അക്കൗണ്ടിലേയ്ക്ക് വരുന്ന രീതി തന്നെ ക്രമീകരിക്കേണ്ടതാണ്. ഇതിലേക്ക് ആവശ്യമായ ആകെ തുകയായ **4,05,34,329/-** (നാലു കോടി അഞ്ച് ലക്ഷത്തി മുപ്പത്തിനാലായിരത്തി മൂന്നൂറ്റിഇരുപത്തിഒമ്പത് രൂപ) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-47-06-RRT(P) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാതലത്തിൽ ക്രോഡീകരിച്ച് 30.11.2021 നകം ജില്ലാ വനിത ശിശുവികസ ഓഫീസർമാർ കർശനമായും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

( ഒപ്പ് )

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവകസന ഓഫീസർമാർക്കും

<u>പകർപ്പ്:</u>

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്കും
3. സൂപ്രണ്ട് അലോട്ട്മെന്റ്/അക്കൗണ്ട് സെക്ഷൻ.
4. സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ.
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Rc[signature]

സൂപ്രണ്ട്